വനം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ച് വരുന്നുണ്ട്. 1-1-1977-ന് ശേഷമുള്ള വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 8-11-2002-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്) 69/2002/വനം പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല കമ്മിറ്റിയും 6-3-2003-ലെ ജി.ഒ. (എംഎസ്) 15/2003/വനം പ്രകാരം സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ സർക്കിൾതല കമ്മിറ്റികളും രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച പുരോഗതി അവലോകനം ചെയ്യുകയും വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയ്യേറപ്പെട്ട 57.291 ഹെക്ടർ (141.51 ഏക്കർ) ഭൂമി തിരിച്ചു പിടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

വനവത്ക്കരണത്തിനുള്ള കേന്ദ്രസഹായം

224(931) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം ലഭ്യമാകുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോ വർഷവും അനുവദിച്ച കേന്ദ്രസഹായം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായം ലഭ്യമാകുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. ആവാസ വ്യവസ്ഥകളുടെ സംയോജിത വികസന പദ്ധതി :

ഈ പദ്ധതിയിൻ കീഴിൽ 2 ഉപപദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നു.

1. വന്യജിവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കമ്മ്യൂണിറ്റി റിസർവ്വ് എന്നിവയുൾപ്പെടുന്ന സംരക്ഷിത പ്രദേശങ്ങൾക്ക് 50% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭിക്കുന്നു.

2. സംരക്ഷിത മേഖലയ്ക്ക് പുറത്തുള്ള വന്യജീവികളുടെ സംരക്ഷണത്തിന് 100% സാമ്പത്തിക സഹായം ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. ഇന്റൻസിഫിക്കേഷൻ ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ് :

(75% സി.എസ്.എസ്.) ; ഈ പദ്ധതി അനുസരിച്ച് അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ, സർവ്വേ, വർക്കിംഗ് പ്ലാൻ തയ്യാറാക്കൽ, കാവുകളുടെ സംരക്ഷണവും പരിപാലനവും എന്നിവയ്ക്കുവേണ്ടി 75% കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭിക്കുന്നു.

3. 100% കേന്ദ്ര സഹായ പദ്ധതി :

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് എലിഫന്റ്, നീലഗിരി ബയോസ്ഫിയർ റിസർവ്, അഗസ്ത്യമല ബയോസ്ഫിയർറിസർവ്വ്, അഗസ്ത്യമല എന്നീ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നു.

4. കൂടാതെ കേന്ദ്ര സഹായത്തോടെ കേരള വനം വകുപ്പ് നടപ്പാക്കുന്ന ദേശീയ വനവൽക്കരണ പരിപാടി 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുസരിച്ചുള്ള പദ്ധതികൾ, അധിക കേന്ദ്ര സഹായ പ്രകാരമുള്ള പദ്ധതികൾ, ദേശീയ ഔഷധ സസ്യബോർഡിന്റെ ധനസഹായത്തോടെയുള്ള പദ്ധതികൾ എന്നിവയിൽ വന സംരക്ഷണം ഒരു ഘടകമാണ്.

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി താങ്ങുന്ന പദ്ധതികളാണ് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സംസ്ഥാനം കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

1. 50% കേന്ദ്ര സഹായ പദ്ധതി - 8599.63 ലക്ഷം രൂപ
2. 100% കേന്ദ്ര സഹായ പദ്ധതി - 5042.88 ലക്ഷം രൂപ
3. 75% കേന്ദ്ര സഹായ പദ്ധതി - 5038.37 ലക്ഷം രൂപ

(സി) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോ വർഷവും അനുവദിച്ച കേന്ദ്ര സഹായം ചെലവഴിച്ച തുക എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു :

1.50% കേന്ദ്ര സഹായ പദ്ധതി

വർഷം	ലഭിച്ച കേന്ദ്ര സഹായം	ചെലവഴിച്ച തുക
(1)	(2)	(3)
2006-07	605.83	558.84
2007-08	703.03	611.63

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
2008-09	902.12	777.29
2009-10	869.79	819.78
2010-11	608.347	461.193 (2011 ജനുവരി വരെ)
2.75% കേന്ദ്ര സഹായ പദ്ധതി		
2006-07	236.16	117.23
2007-08	402.65	337.02
2008-09	532.63	479.10
2009-10	544.52	416.568
2010-11	352.03	8.078 (2011 ജനുവരി വരെ)
100% കേന്ദ്ര സഹായ പദ്ധതി		
2006-07	319.240	279.28
2007-08	425.06	345.47
2008-09	867.00	445.636
2009-10	786.24	690.593
2010-11	461.33	307.660 (2011 ജനുവരി വരെ)

വൃക്ഷ സംരക്ഷണ നിയമം

225(932) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിന്റെ കീഴിൽ ഏതെല്ലാം മേഖലയിലാണ് മരംമുറിക്കൽ നിരോധിച്ചിട്ടുള്ളത് :

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ :

(സി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത നിയമത്തിലെ 5-ാം വകുപ്പനുസരിച്ച് CHR മേഖലയിൽപ്പെട്ട ഏതെല്ലാം ഭൂമിയാണ് നോട്ടിഫൈ ചെയ്തിട്ടുള്ളത് :

LIBRARY ARCHIVES Kerala Legislative Assembly